പ്രവർത്തിക്കുന്ന മേരിഗിരി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ഒരു സംഘം ആളുകൾ വെള്ളിയാഴ്ച രാത്രി കടന്നുചെന്ന് ട്രാൻസ്ഫോർമറിന്റെ ഫ്യൂസ് ഊരിയ ശേഷം സ്കൂളിന്റെ ഓഫീസിലുള്ള ജനലും മറ്റും അടിച്ചുതകർത്തു, കാരണ മെന്താണെന്നറിയാമോ? ആ സ്കൂൾ ബസ്സിലെ ഒരു ക്ലീനറെ പിരിച്ചുവിട്ടു. പിരിച്ചുവിടാനുള്ള കാരണം ആ സ്കൂളിലെ വിദ്യാർത്ഥിനികളോട് അയാൾ അപമര്യാദയായി പെരുമാറിയതാണ്. അതൊന്നും ഞാൻ ഇവിടെ പറയുന്നില്ല. അയാളെ പിരിച്ചുവിട്ടതിന്റെ പേരിൽ സി.ഐ.ടി.യു.വിന്റെ ആഭിമുഖ്യത്തിൽ അവിടെ ഒരാഴ്ചയായി സമരമാണ്. വെള്ളിയാഴ്ച വൈകുന്നേരം സ്കൂളിനു മുമ്പിൽ സി.ഐ.ടി.യു.ക്കാർ പ്രകടനവും പൊതുയോഗവും നടത്താൻ തീരുമാനിച്ചിരുന്നു. അന്നു രാത്രിയാണ് ഈ സംഭവമുണ്ടായത്. വിദ്യാർത്ഥിനികളെ ശല്യപ്പെടുത്തിയ ഗിരീഷ് എന്നുപറയുന്ന ക്ലീനറെയാണ് പിരിച്ചുവിട്ടത്. ഇക്കാര്യത്തിൽ ദയവായി ഗവൺമെന്റ് ശ്രദ്ധിക്കണം. വിദ്യാർത്ഥിനികളോട് അപമര്യാദയായി പെരുമാറിയ ക്ലീനറെ പിരിച്ചു വിടാൻ അവകാശമില്ലേ? സി.ഐ. മുൻകൈയെടുത്തുകൊണ്ട് ഇന്നലെ അവിടെ ഒരു കോൺഫറൻസു വിളിച്ചുകൂട്ടി. സി.ഐ.ടി.യു.ക്കാർ പറയുന്നത് ഇയാളെ തിരിച്ചെടുക്കാതെ സ്കൂൾ പ്രവർത്തിക്കാൻ സമ്മതിക്കില്ല എന്നാണ്. എനിക്ക് ഇവിടെ അഭ്യർത്ഥിക്കാനുള്ളത് ദൗർഭാഗ്യകരമായ രീതിയിൽ സ്കൂളിൽ വരുത്തിയ സംഭവങ്ങളെപ്പറ്റി ദയവായി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണം. കേസന്വേഷണം ഊർജ്ജിതമാക്കുന്നതോടൊപ്പം കുറ്റവാളികളെ അറസ്റ്റു ചെയ്യണം. സ്കൂളിനാവശ്യമായ സംരക്ഷണവും കൊടുക്കണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കണ്ണൂർ ശ്രീകണ്ഠപുരം പൊടിക്കളത്തെ മേരിഗിരി ഇംഗ്ലീഷ് മീഡിയം സ്ക്കൂളിനുനേരെ 9.7.99-ന് രാത്രി ആരോ ഫ്യൂസ് കാരറുകൾ വലിച്ചെറിഞ്ഞു. ഇതുമൂലം ഓഫീസ് മുറിയുടെ ഏതാനും ജനൽ ഗ്ലാസ്സുകൾ പൊട്ടിപ്പോയി. സ്കൂൾ കോമ്പൗണ്ടിൽ സ്ഥാപിച്ചിരുന്ന ട്രാൻസ്ഫോമറിന്റെ ഫ്യൂസുകൾ ഊരി വൈദ്യുതി ബന്ധം വിച്ഛേദിച്ചതിനുശേഷമാണ് ആക്രമണം നടത്തിയത്. ഇതുസംബന്ധിച്ച് ശ്രീകണ്ഠപുരം പോലീസ് സ്റ്റേഷനിൽ ക്രൈം 110/99-ാം നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരുന്നു. അക്രമം കാണിച്ചവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുവാൻ കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) എറണാകുളത്തെ ഫയർസ്റ്റേഷനിലെ സൗകര്യങ്ങളുടെ അപര്യാപ്തത

ശ്രീ. സെബാസ്റ്റ്യൻ പോൾ : സർ, വളരെ ഗുരുതരമായ അപകട സാധ്യതകളുടെ മദ്ധ്യേ സ്ഥിതി ചെയ്യുന്ന ഒരു നഗരമാണ് കൊച്ചി. കാർഗിൽ പ്രശ്നം നടന്നപ്പോൾ പാകിസ്ഥാന്റെ ആക്രമണമുണ്ടാകുകയാണെങ്കിൽ ആക്രമണ സാധ്യതയുള്ള ഇൻഡ്യയിലെ നഗരങ്ങളിലൊന്നായി കൊച്ചി അന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. അവിടെ ഇന്ന് പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷൻ വളരെ അപര്യാപ്തമായ രീതിയിലാണ് പ്രവർത്തിക്കുന്നത്. ആ അസൗകര്യങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. പത്തും പന്ത്രണ്ടും നിലകളുള്ള കെട്ടിടങ്ങൾ സർവ്വസാധാരണമായ നഗരത്തിൽ മൂന്ന് നിലയ്ക്ക് മുകളിലേയ്ക്ക് തീ അണയ്ക്കുന്നതിന് സൗകര്യമില്ലാത്ത ഫയർ സ്റ്റേഷനാണ് ഉള്ളത്. ആംബുലൻസ് സൗകര്യമില്ല, ആവശ്യത്തിനുള്ള വാഹനങ്ങളില്ല, വെള്ളം എടുക്കുന്നതിനുള്ള ഹൈഡ്രന്റില്ല, വാതക ചോർച്ചയുണ്ടായാൽ അത് കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനമില്ല. ഈ അപ

LIBRARY ARCHIVES Kerala Legislative Assembly

ര്യാപ്തതകൾ പരിഹരിച്ച് കൊച്ചിയുടെ തന്ത്രപരമായ പ്രാധാന്യം കണക്കിലെടുത്ത് തുറമുഖം, വ്യവസായശാലകൾ, നഗരത്തിന് താഴെക്കൂടി പോകുന്ന എണ്ണക്കുഴലുകൾ, ഓയിൽ ടാങ്കർ ജെട്ടി, എണ്ണശുദ്ധീകരണ ശാല എന്നിവയിലെ ഈ അപകടസാദ്ധ്യതകൾ കണക്കിലെടുത്ത് ഫയർ സ്റ്റേഷന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ആധുനിക സൗകര്യങ്ങളേർപ്പെടുത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, എറണാകുളത്തെ ഗാന്ധി നഗറിലും ക്ലബ് റോഡിലുമായി രണ്ട് ഫയർസ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ വിവിധയിനത്തിൽപ്പെട്ട പത്ത് അഗ്നിശമന വാഹനങ്ങൾ പ്രവർത്തനക്ഷമമായിട്ടുണ്ട്. മൂന്ന് നിലകളിലധികം ഉയരമുള്ള കെട്ടിടത്തിലേയും അഗ്നിബാധ ശമിപ്പിക്കാൻ കഴിയുന്ന സംവിധാനം ഇപ്പോഴുണ്ട്. ആംബുലൻസ് വാനും വെള്ളം ശേഖരിക്കുന്നതിനുള്ള ഫയർ ഹൈഡ്രന്റുകളും റിപ്പയർ ചെയ്യാൻ നടപടികളെടുത്തിട്ടുണ്ട്. 35 അടി ഉയരത്തിലുള്ള എക്സ്റ്റൻഷൻ ലാഡറും വാതക ചോർച്ചയുണ്ടാകുമ്പോൾ ഉപയോഗിക്കുന്നതിനുള്ള മാസ്ക്കുകളും മറ്റ് ഉപകരണങ്ങളും ഇവിടെയുണ്ട്. മൊത്തം 118 ജീവനക്കാർ ഇവിടെയുണ്ട്. കൊച്ചിയിലെ അപകടസാധ്യതകൾ കണക്കിലെടുത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ഫയർ സ്റ്റേഷന്റെ നിർമ്മാണം തൃക്കാക്കരയിൽ പുരോഗമിച്ചുവരികയാണ്. മട്ടാഞ്ചേരിയിൽ ഒരു ഫയർസ്റ്റേഷനും ഫോർട്ട് കൊച്ചിയിൽ ഒരു ഫയർ സർവ്വീസ് ട്രെയിനിംഗ് സെന്ററും ഇതിനു പുറമേയുണ്ട്.

(5) പോലീസ് സേനയിൽ കൂടുതൽ കോൺസ്റ്റബിൾമാരെ നിയമിക്കേണ്ടതിന്റെ ആവശ്യകത

[10.00 AM] പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, സംസ്ഥാനത്തിലെ പോലീസ് സേനയിൽ 1150 പേർക്കുകൂടി പരിശീലനം നൽകാൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട ശിവദാസമേനോൻ നിയമസഭയുടെ കഴിഞ്ഞ സെഷനിൽ പറയുകയുണ്ടായി. അതനുസരിച്ച് കെ.എ.പി.യിൽ 122 പേർക്ക് മേയ്, ജൂൺ മാസങ്ങളിലായി പരിശീലനം നൽകുമെന്ന് അറിയിച്ചിരുന്നു. 1997-ൽ നിലവിൽ വന്ന കോൺസ്റ്റബിൾമാരുടെ റാങ്കുലിസ്റ്റിൽ നിന്നാണ് എടുക്കുകയെന്നും അറിയിച്ചിരുന്നു. അതനുസരിച്ച് ഉദ്യോഗാർത്ഥികൾ തൃശ്ശൂർ ജില്ലാ പി.എസ്.സി. ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ ഇപ്പോൾ സപ്ലിമെന്ററി റാങ്കുലിസ്റ്റ് മാത്രമേ നിലവിലുള്ളൂ, അതിൽ നിന്ന് ഉദ്യോഗാർത്ഥികളെ എടുക്കുകയില്ലെന്ന് ജില്ലാ ഓഫീസർ പറഞ്ഞതായും അറിയുന്നു. പുതിയതായി വന്നിട്ടുള്ള 122 ഒഴിവുകളും പുതിയ എഴുത്ത് പരീക്ഷയും കായികക്ഷമതാ പരീക്ഷയും നടത്തി റാങ്ക് ലിസ്റ്റ് ഉണ്ടാക്കി അതിൽ നിന്നാണ് എടുക്കുന്നതെന്നാണ് അറിയിച്ചത്. എന്നാൽ 1977-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന് രണ്ടായിരാമാണ്ട് ജൂലൈ മാസം വരെ കാലാവധിയുണ്ട്. ഈ റാങ്ക്ലിസ്റ്റിലും സപ്ലിമെന്ററി റാങ്ക് ലിസ്റ്റിലും ഉൾപ്പെടെ ആയിരത്തോളം പേരുണ്ട്. ഇതിൽ നിന്നും 800 പേർക്ക് മാത്രമാണ് പരിശീലനം നൽകിയിട്ടുള്ളത്. ബാക്കി 200 പേർ ഈ റാങ്കുലിസ്റ്റിലുണ്ട്. അതുകൊണ്ട് ഇപ്പോഴുള്ള 122 ഒഴിവുകൾ നികത്തുന്നതിന് 1997-ൽ തൃശ്ശൂർ ജില്ലയിൽ നിലവിൽവന്ന പോലീസ് കോൺസ്റ്റബിൾമാരുടെ റാങ്കുലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly